പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 249

15.2.2013- ൽ
മറുപടിക്ക്

## കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി. എം. തോമസ് ഐസക്<br>ശ്രീ ജി. സുധാകരൻ<br>,, കെ. ദാസൻ<br>,, ബി. സത്യൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർമേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഈ മേഖലയെ മാത്രം ആശ്രയിച്ചു കഴിയുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനും നടപടി സ്വീകരിക്കുമോ; | (എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാവുന്ന വില വ്യതിയാനവും, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ, കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഇവയൊക്കെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളിയും പ്രതിസന്ധിയുമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും - സർക്കാർ സ്വീകരിക്കുന്നതാണ്. |
| (ബി) കയർമേഖലയുടെ പ്രതിസന്ധി സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; വിശദമാക്കാമോ; | (ബി) കയർ മേഖല നേരിടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി കയർപിരി മേഖല, മാറ്റ്സ് & മാറ്റിംഗ്സ് ചെറുകിട ഉൽപ്പാദക |

| | |
|---|---|
| | മേഖല, കയറ്റുമതിക്കാർ എന്നീ മേഖലകളിൽ നിന്നുള്ള പ്രതിനിധികളുടെ യോഗം 25/10/2012-ൽ ബഹു. റവന്യൂ - കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആലപ്പുഴയിൽ വച്ച് കൂടിയിരുന്നു. "കയർ കേരള"യുമായി ബന്ധപ്പെട്ടും ഇത്തരം മീറ്റിംഗുകൾ കൂടിയിരുന്നു. കൂടാതെ, കയർ മേഖലയിലെ തൊഴിലാളികളുടെ ഒരു യോഗം 06.02.2013 ൽ ബഹു. മന്ത്രി ആലപ്പുഴയിൽ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചിരുന്നു. |
| (സി) അടഞ്ഞു കിടക്കുന്ന കയർ സംഘങ്ങൾ തുറക്കുന്നതിനും, തൊണ്ടും ചകിരിയും സംഭരിക്കാനും സ്വീകരിച്ച നടപടികൾ എന്താണ് ? | (സി) അടഞ്ഞു കിടക്കുന്ന കയർ സംഘങ്ങൾ തുറക്കുന്നതിനും തൊണ്ടും ചകിരിയും സംഭരിക്കുന്നതിനും സർക്കാർ തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചു നടപ്പിലാക്കുകയും പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുകയും ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ